**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 269** **03-08-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധി, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ, വിലത്തകർച്ച, കൃഷി നാശം എന്നിവ മൂലം സംസ്ഥാനത്തെ കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് പ്രതിസന്ധി, അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ എന്നിവ മൂലവും കേന്ദ്ര സർക്കാരിന്റെ നയങ്ങൾ മൂലവും കർഷകർ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡ് പ്രതിസന്ധിയും പ്രളയവും കാരണം ബുദ്ധിമുട്ടിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന് കഴിഞ്ഞ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ പദ്ധതികൾ ഈ സർക്കാർ തുടരുന്നുണ്ട്. 1. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്. 2. കർഷകരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ടു വളർത്തൽ/ പോഷകത്തോട്ടം/ തേനീച്ച കൃഷി/ കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ ജൈവവള നിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി. 3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി. 4. "ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം |

ഫലവൃക്ഷതൈകൾ വിതരണം ചെയ്തു. 5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity facility-2 (SLF-2)ൽ കർഷകർക്ക് 600 കോടിയുടെ വായ്പ ലഭ്യമാക്കി. 6. കാർഷികോല്പന്നങ്ങൾക്ക വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ചു വിപണനം നടത്തി വരുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7. പ്രകൃതി ദുരന്തങ്ങളിൽ നട്ടെല്ലൊടിഞ്ഞ കർഷകർക്ക് പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര പദ്ധതി, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയിൽ 2021-22 വർഷത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള 750.00 ലക്ഷം രൂപയ്ക്ക് പുറമെ 4993.86 ലക്ഷം രൂപയും കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 2000 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 489.31029 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മെയ് 15-നു കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി

| | | | |
|---|---|---|---|
| | | | പ്രകാരം നാളിതുവരെ 37.849828കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | റബ്ബറിന്റെ താങ്ങുവില ഇരുന്നൂറ്റി അൻപത് രൂപയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | റബ്ബറിന്റെ താങ്ങുവില 2021 വർഷത്തെ ബഡ്ജറ്റിൽ 150 രൂപയിൽ നിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ് മൂലം സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ